# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 193      26/02/2018-ൽ മറുപടിക്ക്

**ജനനനിരക്കും ശിശുമരണനിരക്കും**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.എം.ഉമ്മർ</td><td colspan="2">ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)</td></tr>
<tr><td>എ)</td><td>സംസ്ഥാനത്തെ ജനനനിരക്കും ശിശുമരണനിരക്കും ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;</td><td>എ)</td><td>താരതമ്യം ചെയ്തിട്ടുണ്ട്. അതിന്റെ വിവരം ചുവടെ ചേർക്കുന്നു.<br>As per SRS data (MR details are given below)
<table>
<tr><td>Year</td><td>2013</td><td>2014</td><td>2015</td><td>2016</td></tr>
<tr><td>Kerala</td><td>12</td><td>12</td><td>12</td><td>10</td></tr>
<tr><td>India</td><td>40</td><td>39</td><td>37</td><td>34</td></tr>
</table>
As per SRS data crude Birth Rate
<table>
<tr><td>Year</td><td>2013</td><td>2014</td><td>2015</td><td>2016</td></tr>
<tr><td>Kerala</td><td>14.7</td><td>14.8</td><td>14.8</td><td>14.3</td></tr>
<tr><td>India</td><td>21.4</td><td>21.0</td><td>20.8</td><td>20.4</td></tr>
</table>
</td></tr>
<tr><td>ബി)</td><td>ദേശീയ ശരാശരിയെക്കാളും സംസ്ഥാനത്ത് നിലവാരം ഉയർന്നതിന്റെ കാരണങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നിലനിർത്തിപ്പോരാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ;</td><td>ബി)</td><td>പരിശോധിച്ചിട്ടുണ്ട്.<br>1. കേരളത്തിലെ വിവിധ ആശുപത്രികളിൽ SNCU (സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ്) NBCU (ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്) NBCC ( (ന്യൂബോൺ കെയർ കോർണർ) എന്നിവ തുടങ്ങി<br>2. ഒരു വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും RBSK, ആരോഗ്യ കിരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തി സൗജന്യ ചികിത്സാ സർക്കാർ ആശുപത്രികളിൽ നൽകി വരുന്നു.<br>3. രോഗ പ്രതിരോധ കുത്തിവെയ്പ് പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പാക്കി വരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| സി) | ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും നവജാത ശിശുക്കളുടെ പരിപാലനത്തിനുമായി കേന്ദ്ര പദ്ധതികൾ ഉൾപ്പെടെ എന്തെല്ലാം പരിശീലന പദ്ധതികളാണ് നടപ്പിലാക്കിയിരിക്കു-ന്നതെന്ന് വിശദമാക്കാമോ? | സി) | നവജാത ശിശുക്കളുടെ മരണ നിരക്ക് കുറയ്ക്കുന്നതിനായി ഒരു ക്വാളിറ്റി സ്റ്റാൻഡേർഡ് തയ്യാറാക്കി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പാക്കി വരുന്നു. വിവിധ ആശുപത്രികളിൽ ശിശുക്കളുടെ ചികിത്സാ വിഭാഗത്തിനും മാതൃചികിത്സാ വിഭാഗത്തിനും ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചു. നവജാത ശിശുക്കളിലെ മെറ്റബോളിക് രോഗങ്ങൾ നേരത്തെ കണ്ട് പിടിക്കുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനും നടപടി സ്വീകരിച്ചു. രോഗപ്രതിരോധ കുത്തിവെയ്പ് പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു.<br>സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിൽ (എസ്.എൻ.സി.യു) പ്രവർത്തിക്കുന്ന ഡോക്ടർ,നേഴ്സ് എന്നിവർക്ക് പരിശീലനം നൽകി 17 എസ്.എൻ.സി.യു വിൽ പ്രവർത്തിക്കുന്നവർക്കാണ് എസ്.എ.ടി ആശുപത്രിയിൽ പരിശീലനം നൽകിയത്. നവജാത ശിശുക്കളിലെ ഹൃദയവൈകല്യം ഗർഭാവസ്ഥയിൽ തന്നെ അൾട്രാസൗണ്ട് സ്കാൻ നടത്തി കണ്ടുപിടിക്കുന്നതിനുള്ള പരിശീലനം തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിൽ നടത്തി. ഗൈനക്കോളജിസ്റ്റുകൾക്കാണ് പരിശീലനം നൽകിയത്.<br>നവജാതശിശു കാര്യക്രം പദ്ധതിയിൽ എല്ലാ ജില്ലാ തലത്തിലും പരിശീലനപരിപാടികൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ